## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5634 24.05.2017 ൽ മറുപടിക്ക്

### കൊയിലാണ്ടി താലൂക്കാശുപത്രിയിൽ പുതിയ ബഹുനിലകെട്ടിടം

| | ചോദ്യം<br>ശ്രീ.കെ. ദാസൻ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കൊയിലാണ്ടി താലൂക്കാശുപത്രിയിൽ നിർമ്മാണം പൂർത്തിയായിട്ടുള്ള പുതിയ ബഹുനിലകെട്ടിടത്തിൽ ഇനി എന്തെല്ലാം സജ്ജീകരണങ്ങളാണ് ഒരുക്കേണ്ടത് എന്നും ഇതിനായി നടന്ന് വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാം എന്നും വിശദമായി വ്യക്തമാക്കാമോ; | (എ) | കൊയിലാണ്ടി താലൂക്കാശുപത്രിയിൽ നിർമ്മാണം പൂർത്തിയായിട്ടുള്ള പുതിയ ബഹുനില കെട്ടിടത്തിൽ ഇലക്ട്രിക്കൽ വയറിംഗ് പൂർത്തിയായി വരുന്നു അതോടൊപ്പം ലിഫ്റ്റ് സ്ഥാപിച്ച് വൈദ്യുതി കണക്ഷൻ ലഭിച്ചു കഴിഞ്ഞാലുടൻ കെട്ടിടം രോഗികൾക്കായി തുറന്നു കൊടുക്കുന്നതാണ്. |
| (ബി) | ആശുപത്രിയിൽ ആവശ്യമായ ഉപകരണങ്ങൾ സജ്ജീകരിക്കുന്നതിന് സമർപ്പിച്ച പ്രൊപ്പോസലിൽ നടപടികൾ എവിടെവരെ എത്തി എന്നത് വിശദമാക്കാമോ; | (ബി) | ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പ്രൊപോസൽ ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ് |
| (സി) | ഇവിടെ അനുവദിച്ച ഡയാലിസ്സിസ്സ് കേന്ദ്രം പ്രവർത്തനമാരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ പൂർത്തീകരിക്കേണ്ടതായിട്ടുണ്ട് എന്നത് വിശദമാക്കുമോ;<br>കെ.എച്ച്.ആർ.ഡബ്ല്യ.എസ് തയ്യാറാക്കിയിട്ടുള്ള പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ ഇപ്പോൾ ഏത് ഓഫീസിൽ നടപടിയിലാണ് എന്നും ആയതിന്റെ ഇപ്പോഴത്തെ അവസ്ഥയെന്ത് എന്നും ഇതിന് എപ്പോൾ അംഗീകാരം ലഭ്യമാവും എന്നും വ്യക്തമാക്കാമോ; | (സി) | കൊയിലാണ്ടി താലൂക്കാശുപത്രിയിൽ ഡയാലിസിസ് കേന്ദ്രം ആരംഭിക്കുവാൻ ആവശ്യമായ മരാമത്ത് പണികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ കേരള ഹെൽത്ത് റിസർച്ച് വെൽഫയർ സൊസൈറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എസ്റ്റിമേറ്റ് ലഭിച്ചാലുടൻ മരാമത്ത് പണികൾ ആരംഭിക്കാനുള്ള നടപടി കേരള ഹെൽത്ത് റിസർച്ച് വെൽഫയർ സൊസൈറ്റിക്ക് നൽകുവാൻ കഴിയുന്നതാണ്. ഡയാലിസിസ് കേന്ദ്രത്തിന് ആവശ്യമായ ഉപകരണങ്ങളും മറ്റു സാധനങ്ങളുടേയും വിതരണകമ്പനിയെ കേരള മെഡിക്കൽ |

| | | | |
|---|---|---|---|
| | | | സർവ്വീസസ് കോർപ്പറേഷൻ കണ്ടെത്തിയിട്ടുണ്ട്. ആയതിനാൽ മരാമത്ത് പണികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് ഡയാലിസിസ് കേന്ദ്രം പൂർത്തിയാക്കുവാൻ കഴിയുന്നതാണ്. |
| (ഡി) | താലൂക്കാശുപത്രിയിൽ കാരുണ്യ ഫാർമസി അനുവദിക്കുന്ന കാര്യത്തിൽ നടപടികൾ എവിടെവരെ എത്തി എന്നത് വിശദമാക്കാമോ; | (ഡി) | 18 .05 .2017 ലെ സ .ഉ (സാധാ ) ന 1396 /2017 /ആ കു വ പ്രകാരം കൊയിലാണ്ടി താലൂക്കാശുപത്രിയിൽ കാരുണ്യ ഫാർമസി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് . |
| (ഇ) | ആശുപത്രിയുടെ വികസനം സംബന്ധിച്ച് സർക്കാരിൽ സമർപ്പിച്ച നിവേദനം നം 1343722/എം1/2017 തീയതി 6/4/2017 പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് അയച്ചതിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ എന്ത് നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; ഡയറക്ടർ ഇത് സംബന്ധിച്ച റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ഇ) & (എഫ്) | ആർദ്രം പദ്ധതിയുടെ ഭാഗമായി തെരെഞ്ഞെടുക്കപ്പെട്ട താലൂക്ക് ആശുപത്രികളുടെ പട്ടികയിൽ ടി ആശുപത്രിയും ഉൾപ്പെട്ടിട്ടുണ്ട്. ഇതിന്റെ മാനദണ്ഡം അനുസരിച്ച് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കു, സ്പെഷ്യാലിറ്റി ചികിത്സാ സേവനം ലഭ്യമാക്കുക, അധിക തസ്തിക സൃഷ്ടിക്കുക എന്നിവ സർക്കാരിന്റെ പരിഗണനയിലാണ്. |
| (എഫ്) | സ്റ്റാൻഡർഡൈസേഷന്റെ ഭാഗമായി കൊയിലാണ്ടി താലൂക്കാശുപത്രിയിൽ എന്തെല്ലാം കാര്യങ്ങളാണ് നടപ്പിലാക്കുന്നത്; വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ